# തിരഞ്ഞെടുപ്പുദിനത്തിൽ ഉണ്ടായ വിവാദങ്ങളുടെ ഉത്തരവാദിത്വം ആർക്ക്?

ഇക്കഴിഞ്ഞ അസംബ്ലി തിരഞ്ഞെടുപ്പുദിനമായ ഏപ്രിൽ 6-ന് അതിരാവിലെ വോട്ടുചെയ്തതിനു ശേഷം മടങ്ങുന്ന വേളയിൽ അവിടെ കാത്തുനിന്നിരുന്ന ദൃശ്യ-പത്രമാധ്യമപ്രതിനിധികളുടെ ചോദ്യങ്ങൾക്ക് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നല്കിയ മറുപടി തിരഞ്ഞെടുപ്പുചട്ടങ്ങൾക്ക് വിരുദ്ധമാണെന്നു വരുത്തിത്തീർക്കുവാൻ ഭരണപക്ഷത്തുള്ള ചിലർ ശ്രമിക്കുകയുണ്ടായി.

മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി നല്കിയ മറുപടിയുടെ യഥാർത്ഥരൂപം ചുവടെ ചേർക്കുന്നു -

"മതേതരത്വം, ജനാധിപത്യം, സാമൂഹ്യനീതി, വിശ്വാസം - ഈ മൂല്യങ്ങൾ സംരക്ഷിക്കും എന്ന് ഉറപ്പുള്ള ആളുകൾക്ക് വോട്ട് ചെയ്യണമെന്നാണ് ജനങ്ങളുടെ ആഗ്രഹം. കാരണം, ഈ നാടിന്റെ അവസ്ഥ അതാണ്. അത് ജനങ്ങൾ മനസ്സിലാക്കി, ജനങ്ങൾക്ക് സമാധാനവും സ്വൈര്യവും നല്കുന്ന ഒരു ഗവണ്മെന്റ് ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

തദ്ദേശതിരഞ്ഞെടുപ്പിനു മുമ്പും ഇതു തന്നെയാണ് ഞാൻ പറഞ്ഞത്. ഇവിടെ പ്രധാനമായ മൂല്യങ്ങൾ ഞാൻ പറഞ്ഞല്ലോ, അവ സംരക്ഷിക്കാൻ ജനങ്ങൾ മുൻകൈ എടുക്കും എന്നാണ് എന്റെ പ്രതീക്ഷ. ഈ ഇലക്ഷൻ അതിന് ഉപകരിക്കും എന്നാണ് ഞാൻ കരുതുന്നത്.

വിശ്വാസികളുടെ പ്രതിഷേധം നേരത്തെ മുതൽ ഉണ്ടല്ലോ. അതിന് കുറവൊന്നും സംഭവിച്ചിട്ടില്ല. കുറവ് എന്തെങ്കിലും സംഭവിച്ചുകാണണമെന്ന് ആരും ആഗ്രഹിച്ചിട്ടുമില്ല. അതിന്റെ പ്രതികരണം തീർച്ചയായും ഉണ്ടാകും.

ഭരണമാറ്റം ജനങ്ങൾ തീരുമാനിക്കേണ്ടതാണ്. ഭരണമാറ്റം ജനങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ജനഹിതം അനുസരിച്ച് സംഭവിക്കട്ടെ. അതിനെക്കുറിച്ച് ഞാൻ കൂടുതൽ പ്രതികരിക്കുന്നില്ല."

ഇതേക്കുറിച്ച് മാധ്യമപ്രവർത്തകർ മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് - "എൻ.എസ്.എസ്. ജനറൽ സെക്രട്ടറി അങ്ങനെ പറയാനേ വഴിയില്ല, അദ്ദേഹം ഒരു ഈശ്വരവിശ്വാസിയാണ്. അയ്യപ്പനും ഈ നാട്ടിലെ എല്ലാ ദേവഗണങ്ങളും മറ്റു മുഴുവൻ വിശ്വാസികളുടെയും ആരാധനാമൂർത്തികളും ഈ സർക്കാരിനോടൊപ്പമാണ്. കാരണം, ഈ സർക്കാരാണ് ജനങ്ങളെ സംരക്ഷിച്ചുനിർത്തിയത്. ജനങ്ങൾക്ക് ഗുണം ചെയ്യുന്നവരോടൊപ്പമാണ് എല്ലാക്കാലവും എല്ലാ ദേവഗണങ്ങളും" എന്ന മറുപടിയാണ്.

തിരഞ്ഞെടുപ്പുചട്ടം നിലനില്ക്കെ, തിരഞ്ഞെടുപ്പു നടക്കുമ്പോൾതന്നെ, ദേവനെയും ദേവഗണങ്ങളെയും ആരാധനാമൂർത്തികളെയും ബന്ധപ്പെടുത്തി മതവികാരം ഉണർത്തിയതിന്റെ ഉത്തരവാദിത്വം എൻ.എസ്.എസ്. ജനറൽ സെക്രട്ടറിക്കാണോ മുഖ്യമന്ത്രിക്കാണോ എന്ന് ബന്ധപ്പെട്ടവർ തീരുമാനിക്കട്ടെ.

"രാഷ്ട്രീയമുണ്ടെങ്കിൽ അത് ആർജ്ജവത്തോടെ തുറന്നുപറയണം, തുടർഭരണം ഇല്ലാതാക്കാൻ അയ്യപ്പസ്വാമിയെ കൊണ്ടുവന്നു, വിശ്വാസികൾക്ക് വോട്ടുകൊടുക്കണമെന്ന നിർദ്ദേശം തിരഞ്ഞെടുപ്പുതലേദിവസം എൻ.എസ്.എസ്. ആസ്ഥാനത്തുനിന്നും പോയി; ഈ തിരഞ്ഞെടുപ്പ് വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള മത്സരമായി ചിത്രീകരിക്കാനാണ് എൻ.എസ്.എസ്. നേതാവ് സുകുമാരൻനായർ ശ്രമിച്ചത്" എന്നായിരുന്നു നിയമമന്ത്രി എ.കെ. ബാലന്റെ ഇക്കാര്യത്തിലുള്ള പരാമർശം. ഇത് മുഖ്യമന്ത്രിയുടെ പ്രതികരണത്തെ സാധൂകരിക്കാൻവേണ്ടിയാണെന്ന് കരുതേണ്ടിയിരിക്കുന്നു.

തന്നെയുമല്ല, ഇക്കാര്യത്തിൽ തിരഞ്ഞെടുപ്പുകമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചതായിട്ടുമാണ് അറിയുന്നത്.

മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള എൻ.എസ്.എസ്. ജനറൽ സെക്രട്ടറിയുടെ മറുപടിയിൽ തിരഞ്ഞെടുപ്പുചട്ടങ്ങൾക്കു വിരുദ്ധമായി രാഷ്ട്രീയമായോ മതപരമായോ എന്ത് നിലപാടാണ് ഉണ്ടായിട്ടുള്ളത്? വിശ്വാസമെന്നത് എല്ലാ മതങ്ങൾക്കും ഒരുപോലെ ബാധകമാണെന്ന കാര്യവും മറക്കേണ്ട.